# പോലീസ് വാഹന പരിശോധനക്കിടെ വൻ ഹാൻസ് ശേഖരം പിടിയിൽ

കാലടിയിൽ പോലീസ് സർക്കിൾ **ഇൻസ്പെക്ടർ** സജിമർക്കോസും സംഘവും നടത്തിയ വാഹന പരിശോധനക്കിടെ **4 ലക്ഷം രൂപയോളം** വില വരുന്ന **9000 പാക്കറ്റ്** ഹാൻസ് പിടിച്ചെടുത്തു.

05-9-2017 തീയ്യതി രാത്രി കാലടി ടൗണിൽ വാഹന പരിശോധന നടത്തി വരുന്ന സമയം അങ്കമാലി ഭാഗത്ത് നിന്ന് വന്ന ഒരു സ്വിഫ്റ്റ് കാർ പോലീസിനെ വെട്ടിച്ച് കടന്ന് പോകാൻ ശ്രമിക്കവെ പോലീസ് ടി കാറിനെ പിൻതുടർന്ന് തടഞ്ഞ് നിർത്തി പരിശോധന നടത്തിയതിൽ കാറിൽ ഒളിപ്പിച്ച് വച്ച നിലയിൽ **ഉദ്ദേശം** 04 ലക്ഷം രൂപ വില വരുന്ന **9000** പാക്കറ്റ് ഹാൻസ് പോലീസ് കണ്ടെടുത്തു**,**

കാറിലുണ്ടായരുന്ന പാലക്കാട് ജില്ല, ഒറ്റപ്പാലം താലൂക്ക്, നാട്ടുകൽക്കര, പുതിയമാളിയേക്കൽ വീട്ടിൽ ഷംസുദീൻ മകൻ 31 വയസുള്ള ഷറഫുദ്ദീനെയും, മലപ്പുറം ജില്ല കാരിവട്ടം വില്ലേജ്, പട്ടിക്കാട് കര, കാലേക്കൽ വീട്ടിൽ അബ്ദുള്ള മകൻ 26 വയസുള്ള അലിയെയും കാലടി പോലീസ് ഇൻസ്പെക്ടർ സജിമർക്കോസ് അറസ്റ്റ് ചെയ്തു.. അറസ്റ്റിലായ പ്രതികളെ ചോദ്യം ചെയ്തതിൽ നിന്നും കാലടി, പെരുമ്പാവൂർ മേഖലയിലെ അന്യസംസ്ഥാന തൊഴിലാളികൾക്കിടയില്ലും, വിദ്യാർത്ഥികൾക്കിടയില്ലും വിതരണം ചെയ്യാനാണ് ഹാൻസ് കൊണ്ട് വന്നതെന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്.

പോലീസ് സംഘത്തിൽ SI M.P. ജോസ്, SCPO മാരായ ശ്രീകുമാർ, അബ്ദുൾസത്താർ, സെബാസ്റ്റ്യൻ , ബിന്ദുരാജ് എന്നിവർ അംഗങ്ങളായിരുന്നു.